# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1548 22.3.2013-ൽ മറുപടിയ്ക്ക്

### കാലിത്തീറ്റ വില വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ഉൽപ്പാദനം കറച്ചതുകാരണം കാലിത്തീറ്റയ്ക്ക് വൻ വില വർദ്ധനവും ലഭ്യതക്കുറവും സംഭവിച്ച എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ഉൽപ്പാനത്തിൽ കറവു വരുത്തിയിട്ടില്ല. കാലിത്തീറ്റ ഉൽപ്പാദനത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെയും, ഡീസലിന്റെയും വിലയിൽ അഭൂതപൂർവ്വമായ വർദ്ധനവ് വന്നതുമൂലം ഇതര സ്വകാര്യ കാലിത്തീറ്റ കമ്പനികൾ കാലിത്തീറ്റയുടെ വില കഴിഞ്ഞ ഏപ്രിൽ 2012 മുതൽ ഘട്ടം ഘട്ടമായി കുത്തനെ വർദ്ധിപ്പിക്കുകയുണ്ടായി. ഇത് മൂലം 50 കിലോയുടെ ഒരു ചാക്ക് കേരളഫീഡ്സ് കാലിത്തീറ്റക്ക് ഇതരകമ്പനികളുടെ തീറ്റകളേക്കാൾ 250/- രൂപ വരെ കറവായിരുന്നു ഇത് കേരളഫീഡ്സിന്റെ ആവശ്യകത വർദ്ധിപ്പിച്ചു. ഇതര കാലിത്തീറ്റ ഉപയോഗിച്ചിരുന്ന കർഷകരും, ഫാമുകളും വില്പനവിലയിലെ ഈ വലിയ അന്തരം കാരണം കേരളഫീഡ്സിലേക്ക് മാറുകയും കേരളഫീഡ്സിന്റെ ഉത്പന്നത്തിനായി വൻതോതിൽ ഇൻഡന്റ് നൽകുകയും ചെയ്തു. ഇത് നിലവിലുള്ള ഉത്പാദനശേഷിയേക്കാൾ പതിന്മടങ്ങ് ആയതിനാൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് കേരള ഫീഡ്സ് സുലഭമായിരുന്നപ്പോൾ നൽകിയിരുന്ന അളവനുസരിച്ച് കാലിത്തീറ്റ ലഭ്യമാക്കുവാൻ വിതരണത്തിൽ ചില ക്രമീകരണങ്ങൾ നടപ്പിലാക്കാൻ കമ്പനി നിർബന്ധിതമായി. |

| | | | |
|---|---|---|---|
| ബി) | കേരളാ ഫീഡ്സ് പ്രതിവർഷം എത്ര ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നുണ്ട് എന്നും, എവിടെയെല്ലാമാണ് ഉൽപാദന കേന്ദ്രങ്ങൾ എന്നും വ്യക്തമാക്കുമോ ; | ബി) | കേരള ഫീഡ്സ് പ്രതിവർഷം 2,10,000 ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നുണ്ട്. നിലവിൽ കമ്പനിയുടെ തൃശ്ശൂർ ജില്ലയിലെ കല്ലേറ്റിൻകരയിലുള്ള ഫാക്ടറിയിലും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലെ ഫാക്ടറിയിലുമാണ് കേരള ഫീഡ്സ് ഉൽപ്പാദനം നടക്കുന്നത്. |
| സി) | കോഴിക്കോട് ജില്ലയിൽ കേരള ഫീഡ്സിന്റെ ഉൽപ്പാദന കേന്ദ്രം ഉണ്ടോ എന്നും, ഉണ്ടെങ്കിൽ എവിടെയാണെന്നും, ഇവിടെ എത്ര ടൺ കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ ; | സി) | കോഴിക്കോട് ജില്ലയിലെ ചെമ്മൻചേരിയിൽ കേരള ഫീഡ്സ് കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 300 ടൺ ഉൽപ്പാദനശേഷിയുള്ള ഈ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഉൽപ്പാദനം ആരംഭിക്കുന്നതാണ്. |
| ഡി) | കാലിത്തീറ്റ ഉദ്പാദനം വർദ്ധിപ്പിക്കാനും വില കുറയ്ക്കാനും ഉദ്ദേശിക്കുന്നുണ്ടോ എന്നും ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്ത് എന്നും വ്യക്തമാക്കുമോ ? | ഡി) | കാലിത്തീറ്റ ഉല്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് ഫാക്ടറി സ്ഥാപിക്കാനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചുവരുന്നു. നിലവിൽ കാലിത്തീറ്റ വില വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല. കേരള ഫീഡ്സ് റിച്ച് എന്ന കേരള ഫീഡ്സിന്റെ പ്രധാനപ്പെട്ട കാലിത്തീറ്റയ്ക്ക് ബാഗ് ഒന്നിന് 70 രൂപ പ്രത്യേക കിഴിവ് നല്കിയാണ് ഈ വേനൽ കാലത്ത് കർഷകരെ സഹായിക്കുന്നത്. |

Seele

**സെക്ഷൻ ഓഫീസർ**